G2- 2323/2025

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്
മണ്ണാർക്കാട് ഡിവിഷൻ
ആരണ്യകം – മണ്ണാർക്കാട്
ഫോൺ നമ്പർ : 04924 222574
email:dfo.mnkd.for@kerala.gov.in
തീയ്യതി: 05.05.2026

# മണ്ണാർക്കാട് വനം ഡിവിഷൻ

## ലേല പരസ്യം

മണ്ണാർക്കാട് ഫോറസ്റ്റ് ഡിവിഷനിലെ മണ്ണാർക്കാട് റെയിഞ്ചിന്റെ പരിധിയിൽ വരുന്ന തിരിവിഴാംകുന്ന് ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ നെല്ലിക്കുന്ന്, ചോലക്കുളം, മുട്ടിപ്പാറ ഭാഗങ്ങളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായി നിൽക്കുന്ന 3 എഴിലംപാല, ഒരു ഇലവ്, 4 മട്ടി, 2 താന്നി, 1 മലവേപ്പ് എന്നീ മരങ്ങളും മണ്ണാർക്കാട് ഫോറസ്റ്റ് സ്റ്റേഷനിലെ നെല്ലപ്പുഴയിലെ അസീസ് എ യുടെ വീടിനും കാർഷെഡിനും ഭീഷണിയായി നിൽക്കുന്ന 2 പൂവാക എന്നീ മരങ്ങളും ആനമൂളി നേർച്ചപ്പാറയിൽ താമസിക്കുന്ന ശ്രീ. മുഹമ്മദ്ഷാൻ എന്നവരുടെ വീടിനു മുകളിലേയ്ക്ക് അപകടരമായി നിൽക്കുന്ന 3 യൂക്കാലി മരങ്ങളും, നിൽക്കുന്ന അവസ്ഥയിൽ നിൽക്കുന്ന അവസ്ഥയിൽ മണ്ണാർക്കാട് ഡിവിഷൻ ഓഫീസിൽ വെച്ച് 11.05.2026 – ന് പരസ്യമായി നേരിട്ട് ലേലം ചെയ്ത് വിൽപ്പന നടത്തുന്നതാണ്. ( ആകെ 16 മരങ്ങൾ) ടി മരങ്ങൾ ലേലം ചെയ്യുന്നതിനുള്ള അവകാശം മണ്ണാർക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ പട്ടിക A യിൽ സൂചിപ്പിച്ചിരിക്കുന്ന തിയതിയിലും സമയത്തും, സ്ഥലത്തും പരസ്യമായി ലേല വ്യവസ്ഥ പ്രകാരം വിൽക്കുന്നതാണ്. ലേല ദിവസം പൊതു ഒഴിവ് ദിവസമായി വരികയോ, മറ്റേതെങ്കിലും സാങ്കേതിക കാരണങ്ങളാൽ ലേലം നടക്കാതെ വരികയോ, ചെയ്താൽ പട്ടിക A-യിൽ കൊടുത്തിട്ടുള്ള രണ്ടാമത്തെ ദിവസമോ, അന്നും നടക്കാതെ വന്നാൽ മൂന്നാമത്തെ ദിവസമോ, നിശ്ചിത സമയത്തും സ്ഥലത്തും വെച്ച് ദർഘാസ് /ലേലം നടത്തുന്നതായിരിക്കും.

1. ടെണ്ടറിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 25,000/-രൂപ നിരതദ്രവ്യം അടയ്ക്കുന്നയാൾക്ക് ലേലത്തിൽ പങ്കെടുക്കുന്നതിന് അനുവാദം ഉണ്ടായിരിക്കുന്നതാണ്.
2. ലേല ഏറ്റവും വലിയ വില വാഗ്ദാനം ചെയ്തയാൾ തുകയുടെ 35% (കുറഞ്ഞത് 25,000/- രൂപ) നിരതദ്രവ്യം ഉൾപ്പെടെ ഓരോ ലേലത്തിനും അപ്പോൾ തന്നെ

കെട്ടിവെക്കേണ്ടതാണ്. ലേല സംഖ്യ 25,000/- രൂപയിൽ കുറവാണ് എങ്കിൽ മുഴുവൻ തുകയും അപ്പോൾ തന്നെ കെട്ടി വെക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ അയാൾ കെട്ടിവെച്ചിട്ടുള്ള നിരതദ്രവ്യം സർക്കാരിലേയ്ക്ക് കണ്ട് കെട്ടുന്നതും, പാട്ടവകാശം അയാളുടെ നഷ്ടോത്തരവാദിത്വത്തിൽ വീണ്ടും ലേലം ചെയ്യുന്നതുമാണ്. ഇപ്രകാരം നടത്തുന്ന പുനർ ലേലത്തിൽ വല്ല ലാഭവും സർക്കാരിലേയ്ക്ക് ഉണ്ടായാൽ അയാൾക്ക് അതിൽ അവകാശം ഉണ്ടായിരിക്കുന്നതല്ല. എന്നാൽ അപ്രകാരം പുനർ ലേലം ചെയ്യുന്നത് മൂലം സർക്കാരിലേയ്ക്ക് വല്ല നഷ്ടവുമുണ്ടായാൽ ആയത് നിയമാനുസൃതം ആദ്യ ലേലക്കാരനിൽ നിന്നും നിയമാനുസൃത നടപടികളിലൂടെ ഈടാക്കുന്നതാണ്. ലേലത്തിൽ ഏറ്റവും കൂടുതൽ തുക വാഗ്ദാനം ചെയ്ത ആളിന്റെ പേരിൽ വിൽപ്പന ഉറപ്പിക്കുന്നതാണ്.

3. ഏറ്റവും ഉയർന്ന തുക വാഗ്ദാനം ചെയ്ത് വിജയിക്കുന്ന ആളിന്റെ നിരതദ്രവ്യം അയാൾക്ക് ഒടുക്കേണ്ടതായ ലേലത്തുകയിൽ നിന്നും തട്ടിക്കിഴിക്കുന്നതും വിജയിക്കാത്തവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാൽ ഉടൻതന്നെ തിരിച്ച് നൽകുന്നതുമാണ്.

4. വിൽപ്പന സ്ഥിരപ്പെടുത്തിയ വിവരം അറിയിക്കുന്ന തിയതി മുതൽ 15 ദിവസത്തിനകം ബാക്കി ലേലത്തുകയും മൊത്തം ലേലത്തുകയുടെ നിയമാനുസൃതമുള്ള ആദായ നികുതി, സർചാർജ്, വനവികസന നികുതി എന്നിവയും ലേലത്തുകയുടെ 10% സെക്യൂരിറ്റി ആയും അടച്ച് 200/- രൂപയുടെ മുദ്രപത്രത്തിൽ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി നിയമനാസൃതമുള്ള ഉടമ്പടി വെക്കേണ്ടതാണ്. ബാക്കി സംഖ്യ അടക്കുന്നതിനുള്ള സമയപരിധി യാതൊരു കാരണവശാലും നീട്ടികൊടുക്കുന്നതല്ല. മേൽപ്പറഞ്ഞ കാലാവധിക്കകം ബാക്കിതുകയും സെക്യൂരിറ്റിയും അടയ്ക്കുവാൻ വീഴ്ച വരുത്തുന്ന ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ വീണ്ടും ലേലം നടത്തുന്നതും അതിലുണ്ടാകുന്ന നഷ്ടത്തിന് ആദ്യ ലേലക്കാരൻ ഉത്തരവാദിയാകുന്നതുമായിരിക്കും. പ്രസ്തുത നഷ്ടം വരുന്ന തുക നിയമാനുസൃത രീതിയിൽ ടിയാനിൽനിന്നും ഈടാക്കുന്നതും, ലാഭം കിട്ടിയാൽ അതിൽ ടിയാന് യാതൊരു അവകാശവും ഇല്ലാത്തതുമാകുന്നു. തുക മുഴുവൻ അടയ്ക്കുകയും എന്നാൽ ഉടമ്പടി വെയ്ക്കാൻ തക്കസമയം സാധിക്കാതെ വരികയും ചെയ്താൽ അത്തരം കാലതാമസത്തിന് ദിനംപ്രതി പത്ത് രൂപ വീതം പിഴ ഈടാക്കി ഉടമ്പടി വെക്കുന്നതിന് 15 ദിവസം കൂടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അനുവദിക്കുന്നതാണ്.

5. ലേലത്തിൽ പങ്കെടുക്കുന്നയാൾ ലേലത്തിന് മുമ്പ് മരങ്ങൾ നേരിൽ കണ്ട് ബോധ്യപ്പെടേണ്ടതാണ്. ഇക്കാര്യത്തിൽ പിന്നീടുള്ള യാതൊരു പരാതിയും സ്വീകരിക്കുന്നതല്ല.

6. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ നിരതദ്രവ്യം കെട്ടിവെക്കുന്നതിന് മുമ്പായി ബന്ധപ്പെട്ട വില്ലേജാഫീസറുടെ പക്കൽ നിന്നും 6 മാസത്തിനകം ലഭിച്ച തന്റെ സ്ഥിരമായ മേൽവിലാസവും കൈയ്യൊപ്പും സാക്ഷ്യപ്പെടുത്തിയ ഫോട്ടോ പതിച്ച ഏതെങ്കിലും സാക്ഷ്യപത്രവും, PAN കാർഡിന്റെ കോപ്പിയും നിർബന്ധമായും ഹാജരാക്കേണ്ടതാണ്. (വോട്ടർ ഐഡന്റിറ്റി കാർഡ്, മറ്റ് ഗവൺമെന്റ് തിരിച്ചറിയൽ രേഖകൾ എന്നിവ തെളിവിനായി ഹാജരാക്കാവുന്നതാണ്). മേൽ തിരിച്ചറിയൽ രേഖ ഹാജരാക്കാത്തവരെ ലേലത്തിൽ പങ്ക് കൊളളാൻ യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല.

7. ലേലം വിളിക്കുന്നയാൾ ലേലത്തിൽ ഒരു പൂർണ്ണ തീരുമാനം ആകാതെ പിൻമാറാൻ പാടില്ലാത്തതും, അപ്രകാരം പിൻമാറിയാൽ ഡിപ്പാർട്ട്മെന്റിന് വരുന്ന നഷ്ടത്തിന് ടിയാൻ ഉത്തരവാദിയായിരിക്കുന്നതുമാണ്. ലേല നോട്ടീസ്, വ്യവസ്ഥകൾ എന്നിവ കണ്ട് ബോധ്യപ്പെട്ട് ഒപ്പിട്ട് തരുന്നവർക്ക് 24/07/2008 ലെ ഗവൺമെന്റ് ഗസറ്റ് നമ്പർ 26 ൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള Pro(5)2613/2008 തീയ്യതി 12/06/2008 നമ്പറായി പരസ്യപ്പെടുത്തിയ പുതുക്കിയ ദർഘാസ്/ലേല പരസ്യത്തിലെ പൊതുവായ നിബന്ധനകൾ ബാധകമായിരിക്കുന്നതാണ്.

8 ലേലം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ഈ ഓഫീസിൽ നിന്നോ മണ്ണാർക്കാട് റെയിഞ്ചാഫീസിൽ നിന്നോ അറിയാവുന്നതാണ്.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
മണ്ണാർക്കാട്
(കേരള ഗവർണർക്കുവേണ്ടി)

D:\ASA\G2\2025\G2- 2323-2025- Tender.doc

# പട്ടിക –എ

| ക്രമ നമ്പർ | നിരതദ്രവ്യം പണമായി ഒടുക്കേണ്ട അവസാന തീയ്യതി, സമയം | ലേല തീയ്യതി, സമയം |
|---|---|---|
| 1 | 11.05.2026 - 1 PM | 11.05.2026- 3 PM |
| 2 | 10.06.2026 - 1 PM | 10.06.2026 - 3 PM |
| 3 | 13.07.2026 - 1 PM | 13.07.2026 - 3 PM |

Divisional Forest Officer,
Mannarkkad.